


# THE BIBLE TRUTH


"സുവിശേഷം അനുസരിക്കൽ"
സുവിശേഷം
(റോമർ 1:16)
യോഹന്നാൻ 3:16
പ്രവൃത്തി 2:38
1 കൊരിന്ത്യർ 15:1–4
ഹൃദയത്തിൽനിന്നു
റോമർ 10:9, 10
പ്രവൃത്തി 2:37
മരണം
(ക്രിസ്തുവിന്റെ)
അടക്കം
(ക്രിസ്തുവിന്റെ)
ഉയിർത്തെഴുന്നേല്പ്
(ക്രിസ്തുവിന്റെ)
മർക്കൊസ് 16:15, 16
യോഹന്നാൻ 3:3–5
പ്രവൃത്തി 2:38–40
പ്രവൃത്തി 8:35–38
സുവിശേഷം അനുസരിക്കൽ
1 പത്രൊസ് 1:22, 23
പ്രവൃത്തി 22:16
റോമർ 6: 1–3
1 കൊരിന്ത്യർ 6:1–3
1 കൊരിന്ത്യർ 6:11
ഗലാത്യർ 3:26–28
എഫെസ്യർ 5:25–27
തിതൊസ് 3:5
എബ്രായർ 10:22
1 പത്രൊസ് 3:21
റോമർ 6:6
മാനസാന്തരം
(മരണം)
റോമർ 6:3
കൊലൊസ്യർ 2:12
സ്നാനം
(അടക്കം)
റോമർ 6:4, 5
കൊലൊസ്യർ 3:1–14
പുതുജീവൻ
(ഉയിർത്തെഴുന്നേല്പ്)
റോമർ 10:16; 2 തെസലൊനിക്യർ 1:8; 1 പത്രൊസ് 4:17
പ്രവൃത്തി 6:7; റോമർ 1:5; 16:26
എഫെസ്യർ 2:8
എബ്രായർ 5:9
സുവിശേഷം അനുസരിക്കൽ

# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 12** **October 1998** **No. 7**


## എഡിറ്റോറിയൽ

രഹസ്യം എത്ര പൂഴ്ത്തി വെച്ചാലും അതു പരസ്യമായി തീരും; എത്ര ഗൂഢമായി സൂക്ഷിച്ചാലും എങ്ങനെയെങ്കിലും അതു പുറത്തു വരും. ധാർമ്മിക മൂല്യത്തിനും സ്വഭാവ വൈശിഷ്ടത്തിനും ഇന്നുള്ള സ്ഥാനം പണ്ടുണ്ടായിരുന്നതിനേക്കാൾ എത്രയോ മടങ്ങു കുറവാണ്. ഏറ്റവും ഉയർന്ന സ്ഥാനങ്ങൾ പിടിച്ചടക്കിയിരിക്കുന്നവരുണ്ട്. അതു രാഷ്ട്രീയത്തിലും, മതത്തിലും കാണാം. ലോകത്തിൽ അറിയപ്പെടുന്ന വ്യക്തികളായാലും സാധാരണക്കാരായാലും മനുഷ്യന്റെ ജീവിതം വികാരത്തിനു അടിമപ്പെടുന്നു എന്നതു വാസ്തവമാണ്. വികാരം വിവേകത്തെ അകറ്റി കളയുന്നു. ജഡിക മനുഷ്യനിൽ അവന്റെ ജഡത്തോടു പോരാടുന്ന ഘടകത്തെ അവൻ തിരിച്ചറിയുന്നില്ല. ഏത് അകൃത്യത്തിന്റെയും പിന്നിൽ ഈ തത്വം നമുക്ക് കണ്ടെത്താൻ കഴിയും. അപക്വമായ ചിന്ത ഒരാളുടെ വീണ്ടു വിചാരത്തെ നിഷ്പ്രഭമാക്കി മാറ്റും. പെട്ടെന്നുണ്ടാകുന്ന ആവേശം ഒരാളുടെ വ്യക്തിത്വത്തെ തന്നെ നശിപ്പിച്ചേക്കാം.

ശൈശവ പ്രായം കടന്നു ബാല്യത്തിലേക്കു പ്രവേശിക്കുമ്പോൾ ആൺകുട്ടികളായാലും പെൺകുട്ടികളായാലും പ്രായം വർദ്ധിക്കുന്തോറും ഈ പ്രവണതയും വളർന്നു കൊണ്ടിരിക്കുന്നു. അതു അയാളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു എന്നൊക്കെ പറഞ്ഞുകേൾക്കാറു

ണ്ട്. എന്നു പറഞ്ഞാൽ ആ സ്വഭാവത്തിൽ നിന്നു അയാ ൾക്കു തിരിഞ്ഞു മാററം വരുത്തുവാൻ കഴിയുന്നില്ല എന്ന ർത്ഥം. ന്യായോചിതമായി ചിന്തിക്കാത്തതുകൊണ്ടും വേണ്ട സമയത്ത് വേണ്ട പ്രതിവിധി നടത്താത്തതുകൊണ്ടു മാണ് അങ്ങനെ സംഭവിക്കുന്നത്. നിയമലംഘനം അഥ വാ പാപം ഒരാൾ ചെയ്യുന്നതു അയാളുടെ മോഹം നിമിത്ത മാണ്. മോഹം ഒരു വികാരമാണ്. പ്രതികാരം ഒരു വി കാരമാണ്. അടുക്കുവാൻ കഴിയാത്ത വികാരം ചിലരിൽ വാക്കുകളിലും തുടർന്നു പ്രവൃത്തികളിലും പ്രതിഫലി പ്പിക്കും. അനന്തര ഫലത്തെ കുറിച്ച്, അതുകൊണ്ടുണ്ടാ കാവുന്ന നഷ്ടത്തെ കുറിച്ച് അപ്പോൾ ചിന്തിക്കുകയില്ല. അഗ്നി കണ്ട് ആകർഷിക്കപ്പെട്ടു നശിച്ചു പോകുന്ന മി ന്നാമിനുങ്ങിന്റെ അനുഭവം സ്വീകരിക്കുന്ന എത്രയോ പേ ർ ഉണ്ട്. ഇതിൽ നിന്നുള്ള മോചനം എങ്ങനെ സാദ്ധ്യമാ കും? ദൈവത്തിന്റെ ഉപദേശങ്ങളിലേക്കു ശ്രദ്ധ തിരി ക്കണം.

ചിലർ തെററു കണ്ടു പിടിക്കുമ്പോൾ ദുഃഖിക്കയും ഏററു പറയുകയും ചെയ്യും. അതു മാനസാന്തരമെന്നു പറ യാവുന്നതല്ല. സ്വയം തോന്നി, ഏററു പറയുകയും അനുത പിക്കുകയും മേലിൽ ആവർത്തിക്കാതിരിക്കയും വേണം. കർത്താവിന്റെ ഉപദേശം ആരംഭം മുതൽ കേട്ടു പഠിച്ച് പ രിശീലിപ്പിക്കുക എന്നതാണ് എല്ലാവരും ചെയ്യേണ്ടത്. ക തിരിൽ കൊണ്ടു വളം വെച്ചാൽ ആ ചെടിക്കു ഒരു പ്രയോ ജനവും ലഭിക്കുകയില്ല. ജീവിതത്തിന്റെ പ്രാരംഭ ഘട്ട ത്തിൽ അഭ്യസിപ്പിക്കണം. നീതിബോധവും ആത്മിക ജീവിതത്തിന്റെ ആവശ്യകതയെയും ഓരോരുത്തരിലും നിലനിർത്തണം. ഏതെങ്കിലും ഒരു തെററു പുറത്തു വരു മ്പോൾ ആ വ്യക്തി അന്നുവരെ ചെയ്ത എത്ര നല്ല പ്രവ ർത്തികൾ ഉണ്ടെങ്കിലും അതെല്ലാം മാഞ്ഞു പോകുന്നു.

★

# ദൈവകൃപ എല്ലാവരേയും രക്ഷിക്കുമോ?

## J.C. ചോട്ട്

മനുഷ്യരെ തങ്ങളുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാൻ തക്കവണ്ണം യേശുവിനെ അയക്കുകയും അവൻ ക്രൂശിൽ മരിക്കയും ചെയ്തു എന്നതു നമുക്ക് അറിയാം (യോഹന്നാൻ 3.16). എന്തു സ്നേഹം! എന്തു കരുണ! എന്നാൽ രക്ഷ കിട്ടേണ്ടതിന്നു ആ കരുണയും സ്നേഹവും നാം സ്വീകരിക്കേണ്ടതുണ്ട്. അതു കൂട്ടമായിട്ടല്ല; ഓരോരുത്തരായിട്ടാണ് കർത്താവ് കല്പിച്ചിട്ടുള്ളതു അനുസരിക്കേണ്ടത്. രക്ഷിക്കപ്പെടുന്നവരെ ഓരോ ദിവസവും കർത്താവു തൻെറ സഭയോടു ചേർത്തുകൊണ്ടിരിക്കയാണ്, ദൈവത്തിൻെറ ഈ പദ്ധതി വ്യക്തികളായ ഓരോരുത്തർക്കും ഉള്ളതാണ്. ഒരു പ്രത്യേക സമൂഹത്തിനോ, സമുദായത്തിനോ, കുടുംബത്തിനോ വേർതിരിച്ച് നിർത്തിയിട്ടില്ല. അതേ സമയം പൊതുവിലുള്ള ഒന്നാണ് ആത്മരക്ഷ എന്ന കാര്യവും നാം മറക്കരുത്.

ക്രിസ്ത്യാനികൾ എന്ന് പറയപ്പെടുന്ന ആളുകൾക്കിടയിൽ പ്രചരിച്ചിട്ടുള്ള തെററിദ്ധാരണകളിൽ ഒന്നാണ് ഇപ്പോൾ നാം നിരീക്ഷിക്കുന്നത്. കത്തോലിക്കാ വിഭാഗവും മററു നാമധേയ വിഭാഗവും കരുതുന്നത്, ദൈവ കൃപ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഉള്ളതാണ് എന്നത്രെ. അവരുടെ കാര്യകാരണ വിവേചനം ഇങ്ങനെ പോകുന്നു. ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങളെ, അവർ അപൂർണ്ണരും ബലഹീനരും ആയിട്ടും ദൈവ കൃപയാൽ അവർ രക്ഷിക്കപ്പെടുന്നു. പിന്നീട് അവർ ലോകത്തിലെ മനുഷ്യ നിർമ്മിതമായ സഭകളെ നോക്കുന്നു എന്നിട്ടു അവർ ഒരു നിഗമനത്തിലെത്തുകയാണ്; അവരെ ദൈവം തൻെറ കൃപയാൽ, ബലഹീനതകളും പോരായ്മ

കളും ഉണ്ടായിരുന്നിട്ടും രക്ഷിക്കുമെങ്കിൽ തീർച്ചയായും തങ്ങളെയും അങ്ങനെ തന്നെ രക്ഷിക്കും എന്ന്. ഇതിലുള്ള യുക്തി രാഹിത്യം നാം അറിയാതിരിക്കരുത്. ദൈവത്തിൻെറ വചനത്തിൽ ചെയ്യുവാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ അനുസരിക്കുന്നവരും നിഷേധിക്കുന്നവരും എന്ന വ്യത്യാസത്തെ ഇവർ മനസിലാക്കുന്നില്ല.

ദൈവത്തിൻെറ കൃപ എല്ലാവരേയും ബാധിക്കുന്നില്ല എന്ന കാര്യം അവർ മറന്നുകളയുന്നു. അവിശ്വാസികൾക്കു ദൈവ കൃപ ആസ്വദിക്കാൻ കഴിയുന്നില്ല; വിശ്വസിക്കയും എന്നാൽ രക്ഷക്കു വേണ്ടിയുള്ള ദൈവ കല്പന അനുസരിക്കാതെ തള്ളിക്കളയുന്നവർക്കും ദൈവകൃപ ലഭിക്കയില്ല. ദൈവ കല്പന അനുസരിച്ചിട്ടു പിൻമാറി പോയാലും കൃപ നഷ്ടപ്പെടും. ഈ വകഭേദങ്ങൾ എല്ലാവരും തിരിച്ചറിയണം.

രക്ഷിക്കപ്പെട്ട ക്രിസ്ത്യാനിയാണെങ്കിൽ അയാളെ സ്വർഗ്ഗത്തിലേക്കു നയിക്കുവാൻ ദൈവകൃപ സഹായിക്കും എന്നതു വാസ്തവമാണ്. ഇതു പാപമോചനത്തിനായി ദൈവത്തെ അനുസരിച്ചവർക്കും മരണത്തോളം വിശ്വസ്ഥരായി ജീവിച്ചവർക്കുമാണ് (പ്രവൃത്തി 2:38; വെളിപ്പാട് 2:19). അതിൻെറ അർത്ഥം ഒരാളുടെ നന്മ നിമിത്തമോ സൽപ്രവൃത്തികൾ നിമിത്തമോ ദൈവകൃപ കൂടാതെ രക്ഷക്കു നിദാനമാകുന്നില്ല. രക്ഷിക്കപ്പെടുവാൻ മതിയായ നന്മകൾ ചെയ്യാൻ ഒരു മനുഷ്യനും സാദ്ധ്യമല്ല. സുവിശേഷം അനുസരിക്കാതെ യേശുവിൽ വിശ്വസിക്കുന്നു എന്ന കാരണത്താൽ ദൈവകൃപ രക്ഷിക്കും എന്നതും വാസ്തവ വിരുദ്ധമാണ്. മാനസാന്തരപ്പെടാതെ കഠിന ഹൃദയരായി ജീവിച്ച് ദൈവകൃപയാൽ രക്ഷിക്കപ്പെടും എന്നതും തെറ്റായ ധാരണയാണ്.

എഫെസ്യയിലുള്ള ക്രിസ്ത്യാനികളോടു പൌലൊസ് പറഞ്ഞത്: കൃപയാലല്ലൊ വിശ്വാസം മൂലം നിങ്ങൾ

രക്ഷിക്കപ്പെട്ടിരിക്കുന്നത് (എഫെസ്യർ 2:8). അതിൻെറ അർത്ഥം എന്തെന്നാൽ ദൈവം മനുഷ്യർക്ക് രക്ഷ സാദ്ധ്യമാക്കി തീർത്തു. മനുഷ്യർ അതു കൈക്കൊള്ളണം''. എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിൻെറ ദയയും മനുഷ്യ പ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തൻെറ കരുണ പ്രകാരമത്രെ രക്ഷിച്ചത് (തീത്തൊസ് 3:4-5). തുടർന്നു പൌലൊസ് പറയുന്നു: കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശ പ്രകാരം നിത്യജീവൻെറ അവകാശികളായി തീരേണ്ടതിനു പുനർജ്ജനന സ്നാനം കൊണ്ടും നമ്മുടെ മേൽ പകർന്ന പരിശുദ്ധാത്മാവിൻെറ നവീകരണം കൊണ്ടും തന്നെ. അതു സ്നാനത്തെ സൂചിപ്പിക്കുകയാണ് (റോമർ 6:3,4; പ്രവൃത്തി 22:16; ഗലാത്യർ 3:26,27; 1 കൊരിന്ത്യർ 12:13 പ്രവൃത്തി 2:38). ഈ ദൈവ നിബന്ധനകൾ അനുസരിക്കാൻ കൂട്ടാക്കാത്തവരിൽ അവൻെറ കൃപയും കരുണയും ലഭിക്കയില്ല.

കത്തോലിക്കരും മററു നാമധേയ വിഭാഗങ്ങളിൽ പെട്ടവരും കർത്താവിൻെറ സുവിശേഷം അനുസരിക്കാത്തതു കൊണ്ടാണ് അവർക്കു ദൈവ കൃപയും ദയയും കിട്ടാത്തതു എന്നു നാം മനസിലാക്കണം (മർക്കൊസ് 16:15,16). അവർ ദൈവത്തെ അനുസരിക്കാത്തതുകൊണ്ടു, രക്ഷിക്കപ്പെടുകയോ ദൈവത്തിൻെറ മക്കളായി തീരുകയോ കർത്താവിൻെറ സഭയിലേക്കു ചേർക്കപ്പെടുകയോ ചെയ്തിട്ടില്ല (ഗലാത്യർ 3:26,27; യോഹന്നാൻ 3:3-5, പ്രവൃത്തി 2:47). നാം ഇങ്ങനെ പറയുമ്പോൾ വിധിക്കുകയാണ്, കുററപ്പെടുത്തുകയാണ് എന്നെല്ലാം പ്രതികരിക്കുന്നവരുണ്ട്. പക്ഷെ ഞങ്ങൾ ബൈബിളിലെ സത്യം തുറന്നു പറയുന്നു എന്നതാണ് വാസ്തവം. അനുസരിക്കുന്നവരെ കർത്താവു രക്ഷിക്കും.

★

# ജലത്താലുള്ള രക്ഷ

## ബോബ് ഡങ്കൻ

രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം എന്ന ചോദ്യത്തിനുത്തരം സുവിശേഷ പ്രാസംഗികന്മാർ തിരുവെഴുത്തിൽ നിന്നു നല്കികൊണ്ടിരിക്കയാണ് അനേക വർഷങ്ങളായി. വെള്ളത്തിൽ മുങ്ങിയാൽ രക്ഷ കിട്ടുമോ? വെള്ളത്തിലാണോ രക്ഷ എന്നെല്ലാം പറഞ്ഞു പരിഹസിക്കുന്ന നാമധേയ വിഭാഗക്കാരുണ്ട്. ബൈബിളിൽ ദൈവം കല്പിച്ചിരിക്കുന്നതും വിശ്വാസമുള്ള മനുഷ്യർ അനുസരിച്ചതുമായ സത്യം തുറന്നു പറയുന്നു എന്നതാണ് കാരണം. അവർ ആരും സത്യം മനസിലാക്കുകയോ പൂർണ്ണമായ സത്യം ഉൾക്കൊള്ളുകയോ ചെയ്യാത്തവരാണ്. രക്ഷക്കു സ്നാനം ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് എന്നതു പലർക്കും അംഗീകരിക്കാൻ വൈമനസ്യം കാണുന്നുണ്ട്. രക്ഷ നേടുവാനുള്ള ഒരു പ്രവൃത്തിയായി സ്നാനത്തെ ആളുകൾ കുററപ്പെടുത്തുന്നുണ്ട്. മനുഷ്യരുടെ പ്രവൃത്തികൾ കൊണ്ടു നേടിയെടുക്കാവുന്ന ഒന്നല്ല രക്ഷ. സ്നാനം കൊണ്ടു രക്ഷ സമ്പാദിക്കാമെന്നു ക്രിസ്തുവിന്റെ സഭയിലെ ആരും പ്രസംഗിച്ച് ഇന്നുവരെ ഞാൻ കേട്ടിട്ടില്ല.

ദൈവത്തിന്റെ വാഗ്ദാനങ്ങളായ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി ചില നിബന്ധനകൾ കൂട്ടിച്ചേർത്തിരിക്കുന്നതു ശ്രദ്ധിച്ച് വായിച്ചാൽ നമുക്കു ഗ്രഹിക്കാം. ഈ നിബന്ധനകൾ അനുസരിക്കാത്തവർക്കു അനുഗ്രഹവും ലഭ്യമല്ല. നയമാന്റെ കുഷ്ഠം മാറേണ്ടതിനു അവൻ യോർദ്ദാൻ നദിയിൽ ഏഴു പ്രാവശ്യം മുങ്ങേണ്ടിയിരുന്നു (2 രാജാക്കന്മാർ 5:10). ഇസ്രായേൽ മക്കളുടെ വീടുകളിലെ കട്ടിള പടികളിലും കുറുമ്പടികളിലും കുഞ്ഞാട്ടിന്റെ രക്തം തളിച്ചില്ലായിരുന്നെങ്കിൽ മിസ്രയീമ്യരുടെ കടിഞ്ഞൂലുകൾ മരിച്ചപ്പോൾ ഇസ്രായേൽ ജനത്തിനും അങ്ങനെ സം

ഭവിക്കുമായിരുന്നു (പുറപ്പാട് 12:12-15). യെരിഹോവിൻെറ മതിൽ വീഴേണ്ടതിനു ഇസ്രായേൽ സൈന്യം ദിവസത്തിൽ ഒരു പ്രാവശ്യം വീതം ആറു ദിവസം ചുററി നടക്കേണ്ടിയിരുന്നു (യോശുവ 6:1-5). കുരുടനു കാഴ്ച്ച ലഭിക്കേണ്ടതിനു അവൻ ശീലോഹാം കുളത്തിൽ പോയി കഴുകേണ്ടിയിരുന്നു (യോഹന്നാൻ 9:1-7). ഈ വിവരിച്ചതെല്ലാം അവർ നേടിയെടുത്തതാണ് എന്നു പറയാവുന്നതല്ല. പക്ഷെ ദൈവത്തിൻെറ അനുഗ്രഹങ്ങൾ കിട്ടുവാൻ നിബന്ധനകൾ നാം പാലിക്കേണ്ടതുണ്ട്.

പാപികളെ രക്ഷിക്കുന്നത് ദൈവത്തിൻെറ പദ്ധതി അനുസരിച്ചാണ്. പാപം ചെയ്ത പാപിയോട് ക്ഷമിക്കേണ്ടതിനു ദൈവം ചില ഉപാധികൾ വെച്ചിരിക്കുന്നു. യേശുക്രിസ്തു ലോക രക്ഷിതാവായി വന്നു. പാപങ്ങളെ മോചിച്ചുകൊടുക്കുവാനുള്ള അധികാരമുള്ള കർത്താവായി അവൻ ഏതാനും കല്പനകൾ ലോകത്തുള്ള മനുഷ്യർക്കു വെളിപ്പെടുത്തികൊടുത്തു. അവയാണ് മഹത്തായ ആജ്ഞകൾ എന്ന പേരിൽ അറിയപ്പെടുന്നത്.

പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15-16).

പാപി, സ്നാനത്താൽ പാപക്ഷമാപണം സമ്പാദിക്കയല്ല ചെയ്യുന്നത്. വെള്ളമല്ല, ആ വ്യക്തിയെ രക്ഷിക്കുന്നത്. ക്രിസ്തു, ക്രൂശിലെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാലത്രെ പാപങ്ങൾ ക്ഷമിച്ചുകൊടുക്കുന്നത്. എന്നാൽ അതേ ക്രിസ്തു തന്നെ ക്ഷമിക്കുന്നതിനായി ചില ഉപാധികൾ വെച്ചിരിക്കുന്നു. അതു നാം പ്രമാണിച്ചാലേ, അനുഗ്രഹം പ്രാപിക്കയുള്ളു. ഈ രീതിയിൽ പാപത്തിൽ നിന്നും മോചനം ലഭിച്ചിരിക്കുന്ന എല്ലാവരും

കൃപയാൽ വിശ്വാസം മൂലമത്രെ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (എഫെസ്യർ 2:8-9).

സ്നാനം എന്നതു ഒരു രക്ഷാ യോഗ്യതയായി പഠിപ്പിക്കുന്നവരിൽ എന്റെ സഹോദരന്മാരിൽ ചിലരും ഉണ്ടെന്നു തുറന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. അവർ പറയുന്നത്, സ്നാനം എന്നതു പാപക്ഷമാപണത്തിനുള്ള നിബന്ധനയാണ്, ഉദ്ദേശം പാപമോചനവുമാണ് (പ്രവൃത്തി 2:38). രക്ഷിക്കപ്പെട്ട ശേഷം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടിയാണ് സ്നാനം ഏല്ക്കുന്നതെന്ന് കരുതിയിരിക്കയാണ് അവർ. ഇതു ദൈവ പദ്ധതിയെ മാററി മറിക്കുന്ന രീതിയാണ്. ദൈവ പദ്ധതിയെ മാററി ദൈവത്തെ പ്രസാദിപ്പിക്കാൻ പററുമോ?

സ്നാനം എന്നതു ഒരു യോഗ്യതാ പ്രവൃത്തിയതെങ്കിൽ വെള്ളത്തിൽ മുക്കിയാൽ രക്ഷ കിട്ടും എന്നു പറയാം. ഒരാൾക്കും രക്ഷ യാദൃശ്ചികമായ് കിട്ടുന്നില്ല. രക്ഷ നടക്കുന്നത് ദൈവ മനസിലും അതിന്റെ ഫലം അനുഭവിക്കുന്നത് ലഭിക്കുന്ന വ്യക്തിയിലുമാണ്. ദൈവത്തിലുള്ള ആശ്രയം കൂടാതെയോ ദൈവ കൃപ കൂടാതെയോ ലഭിക്കുന്ന ഒന്നല്ല രക്ഷ. വ്യത്യസ്ഥമായ കാരണത്തിനു വേണ്ടി സ്നാനം ഏററ ഒരാൾ ദൈവത്താലുള്ള നീതീകരണം പ്രതീക്ഷിക്കേണ്ട. നമ്മുടെ വിചാരങ്ങൾ അനുസരിച്ചല്ല തീരുമാനങ്ങൾ ദൈവം എടുക്കുന്നത്.

ദൈവ കല്പനകളെ നമുക്ക് രണ്ടായി തരംതിരിക്കാം. 1. ധാർമ്മികങ്ങളായത്, 2 സ്വേച്ഛാപരം. ധാർമ്മികത്തിനുദാഹരണമായി കുല ചെയ്യരുത്, മോഷ്ടിക്കരുത്, അപ്പനെയും അമ്മയെയും ബഹുമാനിക്ക തുടങ്ങിയവയാണ്.

★

# രണ്ടു വ്യത്യസ്ഥ സ്ഥാപനങ്ങൾ അല്ല

## ദില്ലാർഡ് തർമാൻ

ക്രിസ്തുവിന്റെ രാജ്യവും കർത്താവിന്റെ സഭയും രണ്ടും രണ്ടു വ്യത്യസ്ഥമായ സ്ഥാപനങ്ങളാണ് എന്ന വിവാദം പലപ്പോഴും നാം കേൾക്കാറുണ്ട്. പാപത്തിൽ നിന്നു രക്ഷിക്കപ്പെട്ടു ക്രിസ്തുവിന്റെ രാജ്യത്തിലായി തീർന്നാൽ ആ വ്യക്തിക്കു ഇഷ്ടമുള്ള ഏതെങ്കിലും സഭയിൽ അംഗമായി ചേരാം എന്നു പോലും ചിലർ വാദിക്കുന്നതു കേൾക്കാം. ഇതിനെ തുടർന്നു ഒരു തെററായ സിദ്ധാന്തം തന്നെ ഉടലെടുത്തിട്ടുണ്ട്. അതായത് ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ ആ രക്ഷ നഷ്ടപ്പെടുകയില്ല എന്നതാണ് അത്. ആ സഭ അയാളെ പുറന്തള്ളുകയോ അയാൾ സ്വയമായി പുറത്തു പോകയോ ചെയ്താലും അയാൾ ആദ്യം അംഗമായി കഴിഞ്ഞ ദൈവ രാജ്യത്തിൽ തന്നെ അയാൾക്കു കഴിയാം എന്നതാണ് അവരുടെ വിചിത്രമായ തത്വം. തന്നെയുമല്ല അയാളുടെ രക്ഷ തുടർന്നും നിലനില്ക്കും എന്നാണ് അവരുടെ പക്ഷം. ഇങ്ങനെ പഠിപ്പിക്കയോ ചിന്തിക്കുകയോ ചെയ്യുന്നവർ തങ്ങളുടെ സഭയെ ദൈവ രാജ്യത്തിൽ നിന്നും വേർ തിരിച്ചു നിർത്തിയിരിക്കയാണ്. ഇതിൽ അടങ്ങിയിരിക്കുന്ന അനൗചിത്യം നാം അറിയാതിരിക്കരുത്.

എന്നാൽ ദൈവത്തിന്റെ തിരുവെഴുത്തുകളെ സൂക്ഷ്മമായി പരിശോധിച്ചാൽ സഭയും രാജ്യവും വാസ്തവത്തിൽ ഒരേ ഒരു സ്ഥാപനമാണെന്നു തെളിയും. പരമാർത്ഥത്തിൽ ഭൂമിയിലെ ദൈവ രാജ്യമാണ് സഭ എന്നു ബൈബിൾ കാണിക്കുന്നു, ആകയാൽ ലോകത്തിൽ നിന്നു വിളിച്ചു വേർതിരിക്കപ്പെട്ട, രക്ഷിക്കപ്പെട്ട സംഘടനയെയാണ്

സഭ എന്നു വിശദീകരിക്കുന്നത്. അതുകൊണ്ടു ക്രിസ്തുവിന്റെ രാജ്യത്തെ വളരെ വ്യക്തമായി തന്നെ ചിത്രീകരിച്ചിട്ടുണ്ട്. സഭയെന്ന ആശയം നമുക്ക് വേദപുസ്തകത്തിൽ നിന്നു തന്നെ ഇതിനോടു സാമ്യപ്പെടുത്താനുള്ള തെളിവുകൾ ഉണ്ട്. രണ്ടിന്റേയും തിരിച്ചറിയാവുന്ന തെളിവുകൾ രണ്ടിനും ഉണ്ട്. അവ പരിശോധിച്ചാൽ രണ്ടും ഒന്നു തന്നെ എന്നു ബോധ്യപ്പെടും. നിങ്ങൾ തന്നെ രണ്ടിനേയും പ്രതിപാദിച്ചിരിക്കുന്ന വാക്യങ്ങൾ പരിശോധിച്ച് കണ്ടെത്തുക. ശ്രദ്ധാ പൂർവ്വമായ ഒരു പഠനം നടത്തിയാൽ സഭയും രാജ്യവും ദൈവത്തിന്റെ ഒരേ ഒരു സ്ഥാപനമാണെന്ന സത്യം വെളിപ്പെട്ടു കിട്ടും.

## ആരംഭ തീയതിയും സ്ഥലവും

രണ്ടിന്റേയും ആരംഭ സ്ഥലവും തീയതിയും ഒന്നു തന്നെയായിരുന്നു. അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരിക്കും. സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം. അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും (യെശയ്യാവ് 2:2-3). യഹോവയുടെ പർവ്വതം, ദൈവത്തിന്റെ ആലയം കുന്നുകൾക്കു മീതെ സ്ഥാപിതമാകും എന്നു പറഞ്ഞാൽ മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട ഭരണ സംവിധാനത്തിന്മേൽ ദൈവത്തിന്റെ ഭരണം സ്ഥാപിക്കും എന്നാണർത്ഥം.

ദൈവത്തിന്റെ ആലയം എന്താണെന്നു അപ്പൊസ്തലനായ പൌലൊസ് വ്യക്തമാക്കിയിട്ടുണ്ട് (1 തിമൊഥെ

യോസ് 3.15). അപ്പോൾ യഹോവയുടെ ആലയമായ ദൈവത്തിന്റെ ഭവനമായ സഭ യെരുശലേമിൽ ആണ് സ്ഥാപിക്കുന്നത് എന്നു മുന്നറിയിച്ചിരിക്കുന്നു. യേശു, മരിച്ചു ഉയിർത്തെഴുന്നേററ ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ സഭ സ്ഥാപിച്ചതോടെ മുൻപറഞ്ഞ പ്രവചനം നിവർത്തിയായി (പ്രവൃത്തി 2:1-47). അന്ത്യകാലമെന്നു പ്രവചിച്ച സമയമാണ് അതെന്നു പത്രോസ് വ്യക്തമാക്കിയിട്ടുണ്ട് (പ്രവൃത്തി 2:17). എല്ലാ ദേശക്കാരും യെരുശലേമിൽ കൂടിവരികയും അവിടെ നിന്നു ദൈവത്തിന്റെ ഉപദേശം പുറപ്പെടുകയും ചെയ്തു.

## പ്രദേശത്തിന്റെ അതിർത്തി

രാജ്യത്തിന്റേയും സഭയുടേയും വ്യാപ്തി നോക്കുകയാണെങ്കിൽ ഒന്നു തന്നെ. പ്രവാചകൻ റോമാ രാജാക്കന്മാരെ കുറിച്ചു പറഞ്ഞിട്ടു, ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ പിതാവു, ഒരു നാളും നശിച്ചു പോകാത്ത എന്നേക്കുമുള്ള രാജ്യം സ്ഥാപിക്കും എന്നും അതു മററൊരു ജാതിക്കും ഏല്പിച്ചുകൊടുക്കയുമില്ല എന്നും പറഞ്ഞിരിക്കുന്നു (ദാനിയേൽ 2:44). സഭ എന്ന രാജ്യം ഇളകാത്തതാണെന്നു എബ്രായ ലേഖകൻ പറയുന്നു (എബ്രായർ 12:23,28).

## സ്ഥാപനത്തിന്റെ ഉടമസ്ഥനും ഭരിക്കുന്നവനും

എന്റെ രാജ്യം ഐഹികമല്ല എന്നു പീലാത്തോസിന്റെ ചോദ്യത്തിനു മറുപടിയായി യേശു പറഞ്ഞു (യോഹന്നാൻ 18:36). രാജ്യത്തിന്റെ രാജാവ് യേശുക്രിസ്തുവാണ്, സഭയുടെ തലയും ക്രിസ്തു തന്നെ (കൊലൊസ്യർ 1:13,18). അവൻ രാജാധി രാജാവും കർത്താധി കർത്താവുമാണ് (1 തിമൊഥെയോസ് 6:15). ദാവീദിന്റെ സിംഹാസനത്തിൽ ഉയിർത്തെഴുന്നേററ ക്രിസ്തു ഇരിക്കും എന്നു പറഞ്ഞിരുന്നു (പ്രവൃത്തി 2:29-31). ക്രി

സ്തു, രാജ്യമാകുന്ന സഭയെ വാഴുന്നു. അവൻ വീണ്ടും വന്നു രാജ്യം പിതാവിനെ ഏല്പിക്കുന്നതുവരെ അതു തുടരും (1 കൊരിന്ത്യർ 15:24-25). ഭരിക്കുന്നത് പുതിയ നിയമം അനുസരിച്ചാണ്. സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കുവാൻ അവൻ തന്റെ ശിഷ്യന്മാരെ നിയോഗിച്ചതു അതുകൊണ്ടാണ് (ലൂക്കൊസ് 24:47). താക്കോലും നല്കി ദൈവ രാജ്യമാകുന്ന സഭയിലേക്കു പ്രവേശനത്തിനു (മത്തായി 16:18-19).

## രാജ്യത്തിലേക്കും സഭയിലേക്കും എങ്ങനെ പ്രവേശിക്കാം?

വീണ്ടും ജനനത്താൽ ആണെന്നു ക്രിസ്തു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 3:3-5). ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായി (2 കൊരിന്ത്യർ 5:17). ക്രിസ്തുവിനോടു ചേരുന്നതു സ്നാനത്താലത്രെ (ഗലാത്യർ 3:26-27). സഭയിൽ ചേർക്കപ്പെട്ടവർ മാനസാന്തരപ്പെട്ടു പാപ മോചനത്തിനായി സ്നാനം ഏററവരത്രെ (പ്രവൃത്തി 2:38). വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം ഈ സ്ഥാപനത്തിലേക്കു പ്രവേശിക്കുന്നതിനു ആവശ്യമാണ്. ഇതിൽ അംഗത്വം നല്കുന്നത് ദൈവമാണ്. പ്രവേശിച്ച അംഗങ്ങൾക്കു ദൈവം അത്താഴം ഒരുക്കിയിരിക്കുന്നു (1 കൊരിന്ത്യർ 11:23-27). കർത്താവ് വീണ്ടും വരുന്നതു തന്റെ സഭയാകുന്ന രാജ്യത്തെ പിതാവിനു ഏല്പിച്ചു കൊടുക്കുന്നതിനാണ്. സ്വർഗ്ഗരാജ്യത്തിൽ എന്നേക്കും ദൈവവുമായി വസിക്കുവാൻ, നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ആ അനുഗ്രഹിക്കപ്പെട്ട സ്ഥലത്തു വസിക്കുവാൻ ദൈവ കല്പനകൾ നിങ്ങൾ അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുക.

*

# അവൻ എന്തായി തീരും?

## ബെറ്റി ബർട്ടൻ ചോട്ട്

റാഹേൽ തന്റെ കിടക്കയിൽ ചരിഞ്ഞു കിടന്നുകൊണ്ടു അവളുടെ പൊന്നോമന കുഞ്ഞിനെ മതിവരാതെ നോക്കികൊണ്ടിരുന്നു. ഈ ഭംഗിയുള്ള കുഞ്ഞ് അവൾക്കും അവളുടെ ഭർത്താവായ അന്ത്രയോസിനും ജനിച്ചതാണെന്നു വിശ്വസിക്കാൻ പ്രയാസം. അവർ അതിനെ സൂക്ഷിച്ചു വളർത്തി സംരക്ഷിക്കയും പഠിപ്പിക്കയും ജീവിതത്തിലെ എല്ലാ വഴികളിലും നയിക്കയും വേണം. അവൻ പെട്ടെന്നു ഉറങ്ങി. അപ്പോഴുള്ള അവന്റെ നിസഹായതയെ കുറിച്ചുള്ള മാതൃ ചിന്ത ഉണർന്നു. അവർ കുഞ്ഞിനു പേരിട്ടിരിക്കുന്നതു തിമൊഥെയോസ് എന്നാണ്. ''ഞാൻ നിന്നെ വളരെ ശ്രദ്ധിച്ചു വളർത്തും'' റാഹേൽ മന്ത്രിച്ചു. എന്റെ കുഞ്ഞിനു ഒന്നും സംഭവിക്കാതിരുന്നാൽ മതി. ഒരമ്മയുടെ വാത്സല്യം അവനു മുഴുവൻ പകർന്നു കൊടുക്കണം എന്ന ചിന്തയായിരുന്നു അവളിൽ.

അവളുടെ മനസ് ഉടനെ മററു കുട്ടികളിലേക്കു തിരിഞ്ഞു. കൊച്ചു കുട്ടികൾ സ്കൂളിലേക്കു ഓടി പോകുന്നതും ഓടിച്ചാടി കളിക്കുന്നതും എല്ലാം മനസിലൂടെ കടന്നു പോയി. ബാല്യം കടന്നു കൗമാരത്തിൽ എത്തി പിന്നെ യൗവനത്തിലേക്ക് പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന രൂപവ്യത്യാസം, വിവാഹം എന്നിവ വരെ എത്തി. പിന്നെ തന്റെ കുഞ്ഞിന്റെ വളർച്ചയെയും വളർന്നു വിവാഹിതനാകുന്നതും എല്ലാം അവൾ ഊഹിച്ചു. അവൻ അപ്പനെയും

അമ്മയെയും വിട്ടു പിരിഞ്ഞു, ഒരു പുതിയ കുടുംബ ജീവിത്തിലേക്കു തിരിയുന്നതിനെ കുറിച്ചും അവൾ ആലോചിച്ചു. അവന്റെ പ്രാധാന്യത്തെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചല്ല, മറിച്ച് അവൻ ഭാവിയിൽ എന്തായി തീരും? അവന്റെ വ്യക്തിത്വം എന്തായിരിക്കും എന്നു അവൾ ഒരു നിമിഷം ചിന്തിച്ചു. അവൻ ആത്മീയമായി എന്തായി തീരും എന്ന ചോദ്യം അവളുടെ തലയിൽ ഉയർന്നു കേട്ടു. ലോകത്തിൽ പലരും കുഞ്ഞുങ്ങളുടെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധിക്കാതെ ശാരീരികവും ലൗകികവുമായവയിൽ ശ്രദ്ധിക്കുന്നു.

അവൾ വീണ്ടും തന്റെ കുഞ്ഞിലേക്കു കണ്ണുകൾ തൊടുത്തു വിട്ടു. ഞാൻ കാണുന്ന ഒരു കൊച്ചു ശരീരം മാത്രമല്ലല്ലൊ അവൻ, അവനിൽ ഒരാത്മാവുണ്ടല്ലൊ. ആ ആത്മാവ് എന്നേക്കും വസിക്കുന്ന ഒന്നാണല്ലൊ. വിവാഹശേഷം അവർ രണ്ടു പേരും മതപരമായ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല. തങ്ങൾ ചെറുപ്പമാണ്, ഒരു പാട് കാര്യങ്ങൾ ജീവിതത്തിൽ ചെയ്തു തീർക്കാനുണ്ട്. സമയം വളരെ കുറവും ആണുള്ളത്. ദൈവത്തിന്റെ ആവശ്യം തന്നെ അവർക്ക് തോന്നിയില്ല. കുഞ്ഞിനെ ദൈവികമായി എങ്ങനെ വളർത്താമെന്ന ചിന്ത അവളിൽ കടന്നു വന്നു. ചില കുട്ടികൾ അവരുടെ മാതാപിതാക്കൾക്കൊപ്പം ദൈവത്തെ ആരാധിക്കുന്നതിനും മററും പോകുന്നതു അവൾ ശ്രദ്ധിച്ചിട്ടുണ്ട്.

അന്ത്രയോസ് വന്നപ്പോൾ റാഹേലിന്റെ മുഖം മ്ലാനമായിരിക്കുന്നതു കണ്ടു കാരണം അന്വേഷിച്ചു. അതിനു

അവരം പറഞ്ഞത്: നമ്മുടെ കുട്ടിയെ നാം ദൈവ വഴിയിൽ നടത്തിയില്ലെങ്കിൽ അവന്റെ ഭാവി എന്തായി തീരും എന്നതാണ് എന്റെ ചിന്ത. അപ്പൻ എന്ന നിലയിൽ നിങ്ങളും അമ്മ എന്ന നിലയിൽ ഞാനും അവന്റെ ആത്മാവിനെ കുറിച്ച് ശ്രദ്ധിച്ചില്ലെങ്കിൽ നഷ്ടപ്പെട്ടു പോകാനാണ് സാദ്ധ്യത എന്നും ന്യായവിധി നാളിൽ നമ്മൾ എല്ലാവരും ദൈവ സന്നിധിയിൽ നില്ക്കേണ്ടതല്ലേ എന്നും അവരം ചോദിച്ചു. ഇപ്പോഴാണല്ലൊ നാം അതിനെ കുറിച്ച് തീരുമാനിക്കേണ്ടത്. ഇല്ലെങ്കിൽ പിന്നെ അവസരം കിട്ടിയില്ലെങ്കിലോ?

അന്ത്രയോസ് അതു ശരിയാണെന്നു സമ്മതിച്ചു. വിവാഹശേഷം നാം ദൈവത്തെ ആരാധിക്കയോ വേണ്ട വിധം പ്രാർത്ഥിക്കയോ ചെയ്യാതെ നാം ദൈവത്തെ ഉപേക്ഷിക്കയാണ് ചെയ്തത്. അതിനു വ്യത്യാസം വരുത്തണം. നാം നമ്മുടെ മകനെ സ്നേഹിക്കുന്നതു പ്രയോജനപ്പെടണം. അടുത്ത ഞായറാഴ്ച്ച മുതൽ നമുക്കു പള്ളിയിൽ പോകണം എന്നവർ ഉറച്ചു. പക്ഷെ ഏതു പള്ളിയിലാണ് പോകേണ്ടത് എന്നതു ഒരു ചോദ്യമായി അവശേഷിച്ചു. ശരിയായ പരിജ്ഞാനപ്രകാരം വേണം അവനെ വളർത്തുവാൻ. അതിനെന്താണ് മാർഗ്ഗം എന്നവർ ആലോചിച്ചു. അവസാനം നല്ല രണ്ടു ബൈബിരം വാങ്ങി പരിശോധിച്ച് ഏററവും നല്ലത് ഏതെന്നു കണ്ടു പിടിക്കാം; അതനുസരിച്ച് ജീവിതത്തെയും ക്രമപ്പെടുത്താം എന്ന് അവർ തീരുമാനിച്ചു. വിശ്വാസവും ജീവിതവും ദൈവ സന്നിധിയിൽ സ്വീകാര്യമാക്കുവാൻ അതു കൂടിയേ തീരു. അതല്ലാതെ സത്യം അറിയുവാൻ വേറെ ഒരു വഴിയുമില്ല.

★

# GOOD NEWS

WE ARE RUNNING A BIBLE CORRESPONDENCE COURSE IN THE **BRAILLE** – IN TAMIL AND ENGLISH LANGUAGES

READER'S KINDLY, INTRODUCE THIS BRAILLE LESSONS TO YOUR BLIND FRIENDS AND ENCOURAGE THEM TO STUDY.

## OUR ADDRESS


**DIRECTOR,**
**BRAILLE BIBLE CORRESPONDENCE COURSE**
**POST BOX NO : 2**
**ELLIS NAGAR, MADURAI - 625 010**
**S. INDIA**


★

# പേരിൽ എന്തിരിക്കുന്നു?

## ഗ്യാരി. സി. ഹാമ്ടൺ

നൂറു കണക്കിനു വ്യത്യസ്ഥമായ സമൂഹങ്ങൾ വിവിധ പേരുകളാൽ നാമധേയ വിഭാഗങ്ങളായി, അനേക നാമങ്ങളാൽ തരംതിരിച്ചിരിക്കയാണ്. ടെലഫോൺ ഡയറക്ടറി നോക്കിയാൽ പോലും അസംഖ്യം വിഭാഗങ്ങളുടെ പേർ കണ്ടെത്താം. ദൈവ സഭ, എപ്പിസ്കോപ്പൽ, ലൂഥറൻ, ബാപ്റ്റിസ്റ്റ്, ബൈബിൾ ചർച്ച്, ചർച്ച് ഓഫ് ക്രൈസ്റ്റ്, പ്രെസ്ബിറ്റേറിയൻ, ശാബത്ത് മിഷൻ, കത്തോലിക്കാ, യാക്കോബാ, യെഹോവാ സാക്ഷികൾ, പെന്തെകൊസ്തു മിഷൻ, ബൈബിൾ ഫെയ്ത്ത് മിഷൻ, ഫുൾ ഗോസ്പൽ ചർച്ച്, മർത്തോമാ ചർച്ച് എന്നു തുടങ്ങി ധാരാളം പേരുകൾ ഇന്നു അറിയപ്പെടുന്നുണ്ട്. ചിലതെല്ലാം ബൈബിളിൽ ഉള്ളതും അധികവും തിരുവെഴുത്തിൽ കാണാത്തതും അത്രെ. ദൈവത്താൽ വിളിക്കപ്പെട്ടവരും അല്ലാത്തവരും എന്ന് ഇതിനെ നമുക്ക് വേർതിരിക്കാം. നാം സ്വീകരിച്ചിരിക്കുന്ന പേരിനു വല്ല മാഹാത്മ്യവുമുണ്ടോ? മതപരമായി സഭ എന്തു പേരിലാണ് അറിയപ്പെടേണ്ടത്?

## ബൈബിളിൽ പേരുകളുടെ പ്രാധാന്യം

ബൈബിളിൽ കൊടുത്തിരിക്കുന്ന പേരുകൾക്കെല്ലാം വളരെ പ്രാധാന്യം ഉണ്ട്. അബ്രാം എന്ന വാക്കിനു വിശിഷ്ട പിതാവ് എന്നർത്ഥം. പിന്നീട് ദൈവം ആ പേർ മാററി അബ്രഹാം എന്നാക്കി. അർത്ഥമോ ബഹുജാതികളുടെ പിതാവ് എന്നത്രെ (ഉല്പത്തി 17:1-8). സാറായി എന്ന വാക്കിനു എന്റെ രാജകുമാരി എന്നർത്ഥം. എന്നാൽ ദൈവം അവളുടെ പേർ സാറാ എന്നാക്കി. അതിന്റെ അർത്ഥം, ബഹുജാതികളുടെ രാജകുമാരി എന്നാണ് (ഉ

ല്പത്തി 17:15-16). വാഗ്ദത്ത സന്തതിയായ ഇസഹാക്ക് ജനിക്കുമ്പോഴാണ് പേരു മാററത്തിൻെറ പ്രസക്തി നാം തിരിച്ചറിയുന്നത്. ഇസ്ഹാക്കിനും അവൻെറ പിൻഗാമികൾക്കും ദൈവം നല്കിയ പുതിയ പേരുകൾ അവർ മുഖാന്തരം ഭൂമിയിലെല്ലാം വ്യാപിച്ചു. ഏശാവിൻെറ സഹോദരൻ യാക്കോബ് എന്ന പേരിനു കുതികാൽ പിടിക്കുന്നവൻ, പകരം അവരോധിക്കപ്പെട്ടവൻ എന്നാണ് സാരം. ദൈവ ദൂതനോടു മല്ലിട്ടു ജയിച്ച രാത്രിയിൽ അവൻെറ പേർ ദൈവം, ഇസ്രായേൽ എന്നു മാററി. അതിൻെറ അർത്ഥം ദൈവത്തോടു മല്ലിട്ടവൻ എന്നത്രെ (ഉല്പത്തി 32: 22-32). ശീമോൻ എന്ന വാക്കിനു കേൾക്കുന്നു എന്നർത്ഥമായിരുന്നു. യേശു അവൻെറ പേർ, ഒരു ചെറിയ കല്ല് എന്നർത്ഥം വരുന്ന പത്രോസ് എന്നു മാററി (യോഹന്നാൻ 1:40-42).

ശാഠ്യക്കാരായ ഇസ്രായേൽ ജനത്തോടു ഇടപെടുമ്പോൾ ദൈവം, ഹോശെയാവിനോടു ദേശത്തിലെ വിഗ്രഹാരാധികളായ മ്ലേഛത പ്രവർത്തിക്കുന്നവരിൽ നിന്നു ഒരു സ്ത്രീയെ ഭാര്യയാക്കി എടുക്കാൻ ആവശ്യപ്പെട്ടു. അവളുടെ രണ്ടാമത്തെ മകൾ വ്യഭിചാരത്തിൽ ഗർഭിണിയായി ഒരു പെൺകുട്ടിയെ പ്രസവിച്ചു. അവൾക്കു രൂഹ്മ-കരുണ ലഭിക്കാത്തവൾ എന്നു പേരിട്ടു. ദൈവം ഇസ്രായേൽ ഗൃഹത്തോടു കരുണ കാണിക്കയില്ല എന്നർത്ഥം. അടുത്ത കുട്ടി ആൺകുട്ടിയായിരുന്നു. അവനു ലോ-അമ്മി എന്നു പേരിട്ടു. അതിനർത്ഥം "എൻെറ ജനമല്ലാത്തവൻ എന്നത്രെ. ഇസ്രായേൽ ജനത്തിൻെറ മത്സരബുദ്ധിയും ശാഠ്യവും നിമിത്തം ദൈവം വിഷമിച്ചു. അങ്ങനെ അവൻ പറഞ്ഞു, നിങ്ങൾ എൻെറ ജനമല്ല, ഞാൻ നിങ്ങളുടെ ദൈവവുമല്ല (ഹോശെയാ 1:1-9).

മഹത്തായ ശ്രേഷ്ഠ നാമങ്ങളം നമ്മുടെ കർത്താവിനായി സൂക്ഷിച്ചിരുന്നു. ദൈവ ദൂതൻ യോസേഫിനു പ്രത്യക്ഷനായി പറഞ്ഞതു: അവരം ഒരു മകനെ പ്രസവിക്കും; അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു (മത്തായി 1:21). യെശയ്യാവ് 7:14 ഉദ്ധരിക്കയുമുണ്ടായി. ''കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും''. ദൈവത്തിൻെറ അഭിഷിക്തനാകയാൽ അവനെ ക്രിസ്തു എന്നു വിളിച്ചിരുന്നു. അവൻ നമ്മെ വിലെക്കു വാങ്ങി വീണ്ടെടുത്ത പരമാധികാരിയായിരിക്കയാൽ നാം അവനെ നമ്മുടെ കർത്താവ് എന്നു വിളിക്കുന്നു (റോമർ 7:24-25; 1 കൊരിന്ത്യർ 6:19-20). നമ്മുടെ രക്ഷക്കായി നാം വായി കൊണ്ടു യേശുവിനെ കർത്താവു എന്നു ഏററു പറയണം എന്നു കല്പിച്ചിരിക്കുന്നു (റോമർ 10:9-10). ഈ മുൻപറഞ്ഞ നാമധേയ വിഭാഗക്കാർ എല്ലാം തന്നെ യേശുവിനെ ദൈവ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്ന പേരുകളം മാത്രമെ വിളിക്കുന്നുള്ളു എന്നതു ആശ്വാസകരം.

## ദൈവ ജനത്തിനായി ഒരു പുതിയ പേർ

ദൈവത്തിൻെറ അരുളപ്പാട് എന്തെന്നാൽ, സീയോനെ കുറിച്ചു ഞാൻ മിണ്ടാതെ ഇരിക്കയില്ല, യെരൂശലേമിനെ കുറിച്ച് ഞാൻ അടങ്ങിയിരിക്കയുമില്ല; അതിൻെറ നീതി പ്രകാശം പോലെയും അതിൻെറ രക്ഷ, കത്തുന്ന വിളക്കു പോലെയും വിളങ്ങി വരുവോളം തന്നെ (യെശയ്യാവ് 62:1-2). ആ കാലത്തു ജാതികളും മററു ദേശക്കാരും കർത്താവിൻെറ നീതിയെ കാണും. ദൈവ ജനത്തിനു ഒരു പുതി

യ പേർ വിളിക്കപ്പെടും. പുതിയ നിയമ കാലഘട്ടത്തിലെ ചരിത്രം നോക്കിയാൽ അന്ത്യോക്യയിലാണ് ആദ്യത്തെ നാമം വിളിക്കപ്പെടുന്നത് എന്നു കാണാം. യെഹൂദന്മാരും ഗ്രീക്കുകാരും ഉൾപ്പെട്ട ഒന്നായിരുന്നു അത്. അവിടെ വെച്ചാണ് കർത്താവിൻെറ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ വിളിക്കപ്പെട്ടത് (പ്രവൃത്തി 11:26).

## സഭയ്ക്കു ദൈവം നല്കിയ പേരുകൾ

ക്രിസ്തുവിൻെറ സഭയ്ക്കു ദൈവം വിളിച്ചിരിക്കുന്ന പേരല്ലാതെ മറെറാന്നു സ്വീകരിക്കുന്നതെന്തിന്? സഭ ക്രിസ്തുവിൻെറ ശരീരമാണെന്നോർമ്മിക്കുക (എഫെസ്യർ 1:22-23). ക്രിസ്തുവിന് നമ്മെ പോലെ ഒരു ശരീരമാണുള്ളത് (എഫെസ്യർ 4:4). നമ്മിൽ ആരെങ്കിലും തലയെ ഒരു പേരിലും ശരീരത്തെ മറെറാരു പേരിലും അറിയപ്പെടാൻ ആഗ്രഹിക്കുമോ? അതുപോലെ, സഭ എന്നതു ക്രിസ്തുവിൻെറ മണവാട്ടിയാണ് എഫെസ്യർ 5:22-23). തൻെറ ഭാര്യ വേറൊരു ആളുടെ പേരിൽ അറിയപ്പെടുന്ന ഭർത്താവ് ഉണ്ടോ? പരിശുദ്ധാത്മാവിനെ അയച്ച പിതാവും പുത്രനും ഈ കാര്യത്തിൽ ഐകമത്യപ്പെട്ടു രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. സഭ (പ്രവൃത്തി 2:47; കൊലൊസ്സ്യർ 1:18). ക്രിസ്തുവിൻെറ സഭകൾ (റോമർ 16:16). ക്രിസ്തുവിൻെറ ശരീരം എന്നും വിളിച്ചിട്ടുണ്ട് (റോമർ 12:4-5). ദൈവാനുവാദമില്ലാതെ ദൈവത്തിൻെറ സഭയ്ക്കു പേരിടുവാൻ ദൈവം ആരെയും അധികാരപ്പെടുത്തിയിട്ടില്ല.

★

കവിത

# സ്വർഗം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

സത്യം പറഞ്ഞാൽ കളവെന്നുചൊല്ലുന്ന,
നെഞ്ചകം പൊട്ടുന്ന വിസ്മയലോകമേ.
മായാമയക്കിനടിപ്പെട്ട മാനവർ,
പാതവിട്ടങ്ങനെ പോകാനൊരുങ്ങുന്നു.

കളളവും കൊളളിയും കൈമുതലാക്കിയവർ,
കൊട്ടും കുരവയും ആർക്കുന്നു ഭൂമിയിൽ.
വ്യാധികളങ്ങനെ കൊടികുത്തി വാഴുന്നു,
കയറുവാൻ കരകാണാതുഴലുന്നു ജീവിതം.

നാഥൻെറ വക്കേന്നാൽ കല്ലും കനിയുമേ,
കുത്തിപ്പറയുകിൽ ചങ്കുതകരുമേ.
കൊളളരുതാത്തൊരു കുട്ടിപ്പിശാചവൻ,
തട്ടിതകർക്കുവാൻ ഒത്തൊരുമിക്കുന്നു.

മാനസ്സം മാറുകിൽ നന്നായികൂട്ടരേ,
ദൈവം വസിക്കുന്ന ആലയമാകുമേ.
നിത്യവചനമോ ഹൃത്തടേതങ്ങുമേ,
കാലപ്പഴക്കത്താൽ എത്തിപ്പിടിക്കുമേ.

സ്വർഗ്ഗം ഇരുപ്പതു സത്യമതാണഹോ,
പോകാനൊരുങ്ങുകിൽ നിന്നെ നീ നോക്കുക.
മുട്ടും മുരടുമേ ചെത്തിച്ചെതുക്കിയും,
എത്തും പതുക്കവേ സ്വർഗ്ഗ കവാടത്തിൽ

*

# അതു കാൽവരിയിൽ സംഭവിച്ചു

### ജോണി രാംസെ

വളരെക്കാലം മുൻപ് ഒരു സംഭവിച്ച കാര്യങ്ങൾ ഓരോ ദിവസവും എന്നെ ഓർമ്മിപ്പിക്കയുണ്ടായി. അതിൻെറ ശക്തിയും മനോഹാരിതയും എപ്പോഴും എൻെറ മനസിൽ പുതുമയോടെ നിലനിന്നിരുന്നു. എൻെറ രക്ഷകൻ കാൽവരി ക്രൂശിലെ ഭീഷണി ഏററുവാങ്ങി ഏകനായി മരിച്ചതു എനിക്കുവേണ്ടിയായിരുന്നു. ആ സ്മരിക്കപ്പെടേണ്ട സന്ദർഭം, നമുക്കു ലഭിക്കുവാനുള്ള പ്രത്യാശ നിത്യമാക്കി തീർത്തു. യേശുവിൻെറ ക്രൂശിലെ മരണത്തിനല്ലാതെ മററൊന്നിനും അതിനു മുൻപോ പിൻപോ മനുഷ്യ ജീവിതത്തെയൊ ലക്ഷ്യത്തെയൊ മാററുവാൻ കഴിഞ്ഞില്ല. ഇതു വ്യക്തിപരമായി ഓരോരുത്തർക്കും അനുഭവപ്പെടേണ്ടതിനുള്ള പ്രവർത്തിയായിരുന്നു. അതുകൊണ്ടു നമുക്കു നമ്മുടെ യജമാനനോടു ഭക്തിയും നന്ദിയും ഉണ്ടാകണം. ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഒരു സംഭവമായിരുന്നു അത്.

ഒരു സുവിശേഷ ഗാനത്തിൽ ഈ രംഗത്തെ ചിത്രീകരിക്കുന്നതു നമ്മെ ചിന്തിപ്പിക്കും. അവനെ ജനക്കൂട്ടം നിന്ദിക്കുമ്പോൾ ഞാൻ അവിടെയില്ലായിരുന്നു. അവനെ ലജ്ജാപാത്രമായി നടത്തിക്കൊണ്ടു പോയപ്പോൾ ക്രൂശ് ചുമപ്പാൻ ഞാൻ നിർബന്ധിച്ചില്ല. ദൈവത്തിൻെറ ഏക പുത്രനെ വേദനിപ്പിക്കുവാൻ ഒരൊററ കാര്യവും ചെയ്യാൻ കഴിഞ്ഞില്ല. എന്നാൽ ഞാൻ ഭൂമിയിൽ ഓരോ സമയവും പാപം ചെയ്യുമ്പോൾ, ''അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക'' എന്നു ആർത്തു വിളിച്ചത് ഞാനായിരുന്നു എന്ന തോന്നൽ എനിക്കുണ്ടാകുന്നു. അവൻെറ ക്രൂശിനെ ഉയർത്തിയത് ഞാൻ നിമിത്തമല്ലേ? അവൻെറ ക്രൂശിൻെറ ഭാരം വർദ്ധിപ്പിച്ചതു ഞാൻ കാരണമായിരുന്നു. ഞാൻ, അവ

ൻ മരിക്കുന്നത് നോക്കിയിരിക്കയായിരുന്നോ? എന്താണ് ഞാൻ ചെയ്തത്? ഞാൻ, ഞാൻ തന്നെ കാരണം. ഈ വരികളിൽ ഗാനരചയിതാവു സ്വന്തം അപരാധങ്ങളെ കണ്ടെത്തുകയാണ്. മററുള്ളവരുടെ തെററുകൾ കണ്ടെത്തുവാൻ നിഷ്പ്രയാസം കഴിയും. സ്വന്തം ബലഹീനതകൾ കണ്ടെത്തുന്നതാണ് വിവേക ബുദ്ധി.

ആ വേദനാജനകമായ ദിവസം ദൈവ സ്നേഹമാണ് പ്രകാശിതമായത്. ദൈവ നീതിയും അവൻെറ കരുണയും പ്രദർശിപ്പിച്ചത് എത്ര പേർക്കു തിരിച്ചറിയാൻ കഴിഞ്ഞു എന്നതാണ് പ്രശ്നം. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം ചെയ്യുകയാണ് അപ്പൊസ്തലനായ പൌലൊസ് (2 കൊരിന്ത്യർ 9 15). അപ്രമേയമായതാകാൻ കാരണം അതു ദൈവിക പ്രവർത്തിയായതിനാലാണ്. യേശു നമുക്കു വേണ്ടി മരിച്ചു എന്നു പറഞ്ഞാൽ നമ്മുടെ അകൃത്യങ്ങൾ നിമിത്തം എന്നർത്ഥം. പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവൻെറ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ട ലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചുകൊടുത്തവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ (ഗലാത്യർ 1: 3-4). അവൻ ക്രൂശിലെ മരണത്തോളം അനുസരണം ഉള്ളവനായി തീർന്നു (ഫിലിപ്പിയർ 2:8). നമ്മെ വീണ്ടെടുക്കേണ്ടതിനു അവൻ രക്തം ചിന്തി (റോമർ 5:9). കാൽവരിയിൽ ശുദ്ധീകരണത്തിനുള്ള മാർഗ്ഗം തുറന്നപ്പോൾ മനുഷ്യനിലെ പാപത്താലുള്ള അശുദ്ധിയിൽ നിന്നു രക്ഷപെടുവാനുള്ള സാഹചര്യം ഉണ്ടായി. പ്രത്യാശയുടെ പ്രകാശ രശ്മി തെളിഞ്ഞു കണ്ടു (വെളിപ്പാട് 1:5).

നഷ്ടപ്പെട്ട മനുഷ്യർക്കു അന്നു നടന്ന ക്രൂശിലെ യേശുവിൻെറ മരണം, ജീവിതത്തിലെ മഹത്തായ നേട്ടമായി

നാശത്തിന്റേയും നിരാശയുടേയും പടുകുഴിയിൽ കിടന്നവർക്കു രക്ഷപ്പെടുവാനുള്ള ഒരു സ്വർഗ്ഗീയ വിളിയായി മാറിയിരുന്നു അത്. സ്വന്തം വീട്ടിൽ സുഭിക്ഷത അനുഭവിച്ചയാൾ പുറത്തുപോയി അകൃത്യത്തിൽ ജീവിച്ചു പന്നികൾക്കിടയിൽ കഴിയേണ്ടി വന്നു. എന്നാൽ അവൻ തിരിച്ചു വീട്ടിലേക്കു വന്നപ്പോൾ ആ പിതാവു അവനെ ഓടിച്ചെന്നു ആശ്ലേഷിച്ചു (ലൂക്കൊസ് 15:11-31). ഒരിക്കൽ എല്ലാവർക്കുമായി മരിക്കാൻ നിർബന്ധിതനായ ക്രിസ്തുവാണ് നമുക്ക് തിരിച്ചു ദൈവ ഭവനമാകുന്ന അവന്റെ സഭയിലേക്കു പ്രവേശിക്കുന്നതിനു അവസരം ഒരുക്കിയത് (2 കൊരിന്ത്യർ 5:14). അതു നമ്മെ തികവുള്ള, ധനികമായ, ഉദ്ദേശ ശുദ്ധിയുള്ള, നന്ദിയുള്ള അനുസരണ ജീവിതം നയിക്കാൻ ഉപയുക്തമായി. അതു വീണ്ടും നിഷേധിക്കുക എന്നു പറഞ്ഞാൽ കിട്ടിയ സൗഭാഗ്യത്തെ വലിച്ചെറിയുക എന്നാണർത്ഥം.

പാപം നിമിത്തം നിങ്ങളുടെ തകർന്ന ജീവിതത്തിലേക്കു ക്രിസ്തുവിനെ കൊണ്ടു വരാൻ ശ്രമിക്കുക. അവൻ നിങ്ങളെ പുതിയ സൃഷ്ടിയാക്കും. നിങ്ങളെ പുതുക്കി പണിയും. നിങ്ങൾ പാഴാക്കിയ ശൂന്യമായ വർഷങ്ങൾ പോകട്ടെ. അതിനു പകരം പ്രയോജന പ്രദമായ അനുഗ്രഹ വർഷങ്ങൾ ലഭ്യമാകട്ടെ. അവനു മാത്രമെ നിങ്ങളെ യഥാസ്ഥാനപ്പെടുത്താൻ കഴിയൂ. നിങ്ങളുടെ അകൃത്യങ്ങളെ അവൻ ക്ഷമിക്കും. അതു ഒരിക്കൽ ക്ഷമിച്ചാൽ പിന്നീട് ഓർക്കയില്ല. കർത്താവിന്റെ ദയയും മനസലിവും കരുണയും കാഴ്ച്ചയാക്കിയതു വെറുതെ കളയാതിരിക്കുക. നിങ്ങൾ മനസുവെച്ചാൽ ദൈവം നിങ്ങൾക്കായി പ്രവർത്തിക്കും. കാൽവരിയിലെ ക്രിസ്തുവിങ്കലേക്കു നോക്കുക. നിങ്ങളുടെ ഭാരങ്ങൾ വഹിച്ച നാഥനെ നിങ്ങൾക്കു കാണാം. പക്ഷെ നിങ്ങളുടെ ഉൾക്കണ്ണു തുറന്നാൽ മാത്രമെ ഇതു കാണുവാൻ സാധിക്കൂ.

★

# ദുരഭിപ്രായത്തെ നിരസിക്കൽ

## ഗ്ലെൻ കോളെ

ദുരഭിപ്രായത്തെ കുറിച്ചുള്ള ഒരു സംഭാഷണം യോഹന്നാൻ നാലാം അദ്ധ്യായത്തിൽ നമുക്കു കാണാം. ശമര്യക്കാരി സ്ത്രീയിൽ അതിന്റെ ജാള്യത അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടാണ് അവൾ ചോദിക്കുന്നത്: യെഹൂദനായിരിക്കുന്ന നീ, ശമര്യക്കാരിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നുവോ'' എന്ന്. യെഹൂദന്മാർ ആണ് ശമര്യക്കാരുമായി യാതൊരു സമ്പർക്കവും പുലർത്തിയിരുന്നില്ല (യോഹന്നാൻ 4:9).

ശമര്യക്കാരെ സങ്കര വർഗ്ഗക്കാരായിട്ടാണ് അറിയപ്പെടുന്നത്. പകുതി യെഹൂദനും പകുതി അശൂര്യനും ആയിട്ടുള്ള സങ്കര വർഗ്ഗമായിരുന്നു അവർ. 700 വർഷങ്ങൾക്കു മുൻപ് അശൂര്യരാൽ പാർപ്പിക്കപ്പെട്ടതാണ് അവരെ ഇവിടെ (2 രാജാക്കന്മാർ 17:6; എബ്രാ 5:1-10). അവർ പൊതുവായി ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ അംഗീകരിച്ചിരുന്നു. അവരുടെ പ്രതീക്ഷ, മശിഹ വരുമ്പോൾ യെരുശലേമിൽ അല്ല, ശമര്യയിൽ കേന്ദ്രീകരിച്ചു വാഴ്ച്ച നടത്തും എന്നായിരുന്നു.

ദുരഭിപ്രായത്തിന്റെ ഫലമായി ഉണ്ടാകാവുന്ന അനിഷ്ടത്തിന്റെ യാതൊരു ലക്ഷണവും യേശു കാണിച്ചില്ല. അവൻ അവളോടു ദയാപൂർവ്വം സംസാരിച്ചു. ചിലപ്പോൾ കർശനമായും സംസാരിക്കയുണ്ടായി. അവൻ സർവ്വ മനുഷ്യരുടേതെന്നപോലെ അവളുടെയും മശിഹ ആണെന്നു അവൻ വ്യക്തമാക്കി. മനുഷ്യരുടെ തടസ്സങ്ങളും ഒന്നും അ

വൻ ഗണ്യമാക്കിയതേയില്ല. പത്രോസ് ഇതു മനസ്സിലാക്കി സത്യം തുറന്നു പറയുന്നുണ്ട്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. ജാതിവ്യത്യാസം, വർഗ്ഗവ്യത്യാസം, എന്നിവയൊന്നും കർത്താവ് കണക്കാക്കുകയില്ല. ഏതു ജാതിയായാലും ഏതു ദേശത്തായാലും അവനെ ഭയപ്പെട്ടു അവൻെറ കല്പനകൾ അനുസരിക്കുന്നവരെ അവൻ കൈക്കൊള്ളും (പ്രവൃത്തി 10:34_35).

വർഗ്ഗത്തിൻേറയും ജാതിയുടേയും പേരിൽ ജോലി സംവരണം നടന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങൾ ചിലതുണ്ട് വകഭേദം ഇല്ലാതാക്കാൻ വകഭേദം പ്രവർത്തിക്കുന്ന സ്ഥിതിയാണിത്. താഴ്ന്ന വരുമാനത്തിൽ കിടക്കുന്നവരെ ഉയർത്തികൊണ്ടുവരുവാൻ ശ്രമിക്കുകയാണ്.. ഫലമോ വൈരുദ്ധ്യങ്ങൾ തുടരുന്നു എന്നതാണ്. യോഗ്യതയുള്ളവരെ പുറന്തള്ളി, യോഗ്യതയില്ലാത്തവരെ ഓരോ സ്ഥാനങ്ങളിൽ ഇരുത്തുമ്പോൾ ശരിയായ പ്രവർത്തനം ഒരിക്കലും ഉണ്ടാകയില്ല. എന്നാൽ നാം ചെയ്യുന്ന ഏതൊരു പ്രവർത്തിയായാലും അതിൽ നിന്നുണ്ടാകുന്ന ഫലത്തെ കുറിച്ച് ബോധവാന്മാരാകണം. വ്യക്തികളുടെ കഴിവുകൾ കണ്ടെത്തി പരമാവധി ഉപയോഗിക്കുവാൻ അവസരം കൊടുക്കണം. നല്ല അദ്ധ്വാനത്തിനു നല്ല പ്രതിഫലം കൊടുക്കുകയും വേണം. സമ്പ്രദായങ്ങളും ദുരഭിപ്രായങ്ങളും പലരെ അടിച്ചമർത്തിയിട്ടുണ്ട്. ഉച്ചനീചത്വങ്ങൾ സമൂഹത്തിൽ നിന്നു ദൂരീകരിക്കണം. മനുഷ്യരുടെ ഹൃദയങ്ങളിൽ നിന്നു തന്നെ തുടച്ചു നീക്കേണ്ട ഒന്നാണിത്.

ഈ വിഷയങ്ങളിൽ യേശുക്രിസ്തു ഇന്നും ചിന്തിക്കുന്നത് ഒരേ വിധത്തിൽ. പാപത്തെ സംബന്ധിച്ച ദുരഭിപ്രായങ്ങൾ പരിഹരിക്കുവാനുള്ള ഏതാനും നിർദേശങ്ങ

സ്വയം ഉററംകൊള്ളുക. മനുഷ്യർ നമ്മോടു ചെയ്യണമെന്ന് ആഗ്രഹിക്കുന്നത് നാം അവരോട് ചെയ്യണം എന്ന തത്വം നാം മറക്കരുത്.

**1. ദയാപ്രമാണം നിങ്ങളുടെ നാവിൽ സൂക്ഷിക്കുക** സദൃശവാക്യങ്ങൾ 31-ാം അദ്ധ്യായം 26-ാം വാക്യത്തിൽ സൽഗുണമുള്ള സ്ത്രീയെ പററി വിവരിക്കുന്നുണ്ട്. ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്. നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:32). സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല (1 കൊരിന്ത്യർ 13:4).

**2. ദൈവ കല്പനകൾ പ്രായോഗികമാക്കുക** ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക. നമ്മുടെ സ്വഭാവത്തെ ദൈവിക സ്വഭാവമാക്കി മാററുക.

**3. എല്ലാവരോടും ആത്മാർത്ഥത കാണിക്കുക** ആർക്കും തിന്മക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടേയും മുൻപിൽ യോഗ്യമായതു മുൻ കരുതി പ്രവർത്തിക്കുക (റോമർ 12:17).

**4. യേശു മരിച്ചതു എല്ലാവർഗക്കാർക്കും വേണ്ടിയായിരുന്നു എന്നു ഓർക്കുക** മനുഷ്യൻെറ ദുരഭിപ്രായത്തിനും ഇളക്കാൻ പററാത്ത മഹത്തായ ഒന്നാണിത്

ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേററിരിക്കുന്ന നിങ്ങൾ എല്ലാവരും ദൈവത്തിൻെറ മക്കൾ ആകുന്നു. അതിൽ യെഹൂദൻ എന്നോ, യവനൻ എന്നോ, ദാസൻ എന്നോ, സ്വതന്ത്രൻ എന്നോ വ്യത്യാസം ഇല്ല (ഗലാത്യർ 3:26-28). ദൈവം തൻെറ പുത്രനെ അയച്ചതു ലോകത്തെ വിധിപ്പാനല്ല, രക്ഷിപ്പാനത്രെ (യോഹന്നാൻ 3:16).

**5. ദൈവ സ്വഭാവം ഹൃദയത്തിൽ വെച്ചുകൊണ്ടു ഇടപെടുക** ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ പിതാവിനു നിങ്ങൾ പുത്രന്മാർ ആയി തീരേണ്ടതിനു തന്നെ. അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തൻെറ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലൊ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം? (മത്തായി 5:44-46).

**6. ആത്മാവിനെ കുറിച്ച് ബോധവാന്മാരായിരിക്കണം** ഏതു ദേശക്കാരനെന്നോ ഏതു ഭാഷക്കാരനെന്നോ, ഏതു വർഗ്ഗക്കാരനെന്നോ ചിന്തിക്കാതെ ആ വ്യക്തിയിലുള്ള ആത്മാവിൻെറ രക്ഷക്കായി കരുതി പ്രവർത്തിക്കുക. കർത്താവിൻെറ കല്പനകൾ അനുസരിച്ചാലേ ആത്മാവിൻെറ രക്ഷ പ്രാപ്യമാകുന്നുള്ളു (മത്തായി 28:18-19).

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To